"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കോവിഡ് 19 - നോഡൽ ഓഫീസർമാരെ 'ഡി' വിഭാഗത്തിൽ (ടി പി ആർ 18 ശതമാനത്തിനു മുകളിൽ) വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുനർ വിന്യസിച്ചും, മറ്റിടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകി സേവനം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയും - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.1252/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 02/07/2021

---

പരാമർശം:- 1 28.04.2021-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിലെ മിനിട്സ്

2 29.04.2021-ലെ സ.ഉ.(സാധാ.)932/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3 21.06.2021-ലെ സ.ഉ.(സാധാ.)1180/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

4 30.06.2021-ലെ കോവിഡ് വാർ റൂം ഓൺലൈൻ യോഗ തീരുമാനം നം. 7

ഉത്തരവ്

കോവിഡ് 19 ന്റെ തീവ്രവ്യാപനം പ്രതിരോധിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി യോഗ്യരായ ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിക്കുന്നതിന് പരാമർശം 1 പ്രകാരം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2) കോവിഡിന്റെ രണ്ടാം വ്യാപന തീവ്രത കുറഞ്ഞത് കണക്കിലെടുത്ത് പരാമർശം 3 ഉത്തരവ് പ്രകാരം ടി പി ആർ 20 ശതമാനത്തിൽ താഴെ ആയിട്ടുള്ള തദ്ദേശ സ്ഥാപനങ്ങളിൽ നോഡൽ ഓഫീസർമാരായി നിയോഗിതരായിട്ടുള്ള ഉദ്യോഗസ്ഥരെ പ്രസ്തുത ചുമതലയിൽ നിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3) തുടർന്ന്, പരാമർശം 4 ലെ യോഗതീരുമാനപ്രകാരം, നോഡൽ ഓഫീസർമാരെ 'ഡി' വിഭാഗത്തിൽ (ടി പി ആർ 18 ശതമാനത്തിനു മുകളിൽ) വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നതിനും മറ്റിടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകി സേവനം ലഭ്യമാക്കാനും തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, നോഡൽ ഓഫീസർമാരെ 'ഡി' വിഭാഗത്തിൽ (ടി പി ആർ 18 ശതമാനത്തിനു മുകളിൽ) വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുനർ വിന്യസിച്ചും, മറ്റിടങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകി സേവനം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ എം

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E&RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്